(ബി) ഈ ഫാക്ടറിയുടെ പ്രവർത്തനം ഇടയ്ക്കിടയ്ക്ക് തടസ്സപ്പെടുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിളപ്പിൽശാല ഫാക്ടറിക്ക് മുൻപുണ്ടായിരുന്നതിനേക്കാൾ കൂടുതൽ സ്ഥലം കൂട്ടിച്ചേർത്തിട്ടുണ്ട്. പ്ലാന്റിൽ മാലിന്യം ശേഖരിച്ചതിനുശേഷം വരുന്ന ഇനർട്ട് മേറ്റർ സംസ്ക്കരിക്കുന്നതിന് സാനിട്ടറി ലാന്റ് ഫില്ലിംഗ് നിർമ്മാണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുടിവെള്ള വിതരണ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക

85 [1024] ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ പൊതുടാപ്പുകൾ വഴി നൽകിവരുന്ന കുടിവെള്ള വിതരണ പദ്ധതിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശികയായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുടാപ്പുകൾ വഴി നൽകിവരുന്ന കുടിവെള്ള വിതരണ പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അടയ്ക്കാൻ കഴിയുമോ ; ഇല്ലെങ്കിൽ എന്താണിതിന് കാരണമെന്ന് വിശദീകരിക്കാമോ ;

(സി) പ്രസ്തുത വിഷയത്തെ സംബന്ധിച്ച് 16-11-2005-ന് കണ്ണൂർ ജില്ലയിലെ ചൊക്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിവേദനത്തിനും പെരിങ്ങളം എം. എൽ. എ. - യുടെ കത്തിനും എന്തൊക്കെ നടപടികൾ എടുത്തു എന്നത് വിശദീകരിക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിയും.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് പെരിങ്ങളം എം.എൽ.എ.-യുടെ 16-11-2005 തീയതിയിലെ കത്തിനോടൊപ്പം ചൊക്ലി ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ നിവേദനം സർക്കാരിൽ ലഭിച്ചിരുന്നു. പ്രസ്തുത നിവേദനത്തിൽ ഗ്രാമപഞ്ചായത്ത് അടയ്ക്കാനുള്ള വൈദ്യുതി ചാർജ്ജ് കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ പരാമർശിച്ചിട്ടില്ലാത്തതിനാൽ ആയത് അടിയന്തിരമായി സർക്കാരിന് ലഭ്യമാക്കാൻ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. ടി വിവരം സൂചിപ്പിച്ചു കൊണ്ട് എം.എൽ.എ.-യ്ക്ക് ഒരു താൽക്കാലിക മറുപടിയും നൽകിയിരുന്നു. കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട് സർക്കാരിന് ഇതുവരെയായി ലഭ്യമാകാത്തതിനാൽ ആയത് അടിയന്തിരമായി ലഭ്യമാക്കാൻ കണ്ണൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് ഓർമ്മക്കുറിപ്പും നൽകിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

GPM. 2/153/2013—16

LIBRARY ARCHIVES Kerala Legislative Assembly